# E _താളുകൾ

DIGITAL MAGAZINE

## GVHSS FOR BOYS KUNNAMKULAM

## 2024



ഈ താളുകൾ
വിവരസാങ്കേതികവിദ്യയുടെ
ആശയങ്ങൾ ഉൾക്കൊണ്ടുള്ള
ചുവടുവെപ്പാണ്. ഞങ്ങൾക്ക്
ഇനിയുമേറെ മുന്നേറാനുണ്ട്.  ഞങ്ങളുടെ
ചെറിയ ലോകത്തുനിന്നും വായനയുടെ
വലിയ ലോകത്തിലേക്ക് **E**_താളുകൾ
സമർപ്പിക്കുന്നു

GVHSS FOR BOYS
KUNNAMKULAM

E _താളുകൾ

DIGITAL MAGAZINE

# സന്ദേശം



പ്രധാനാധ്യാപകൻ

ആനുകാലികങ്ങൾ അഗ്നി ഉൾക്കൊള്ളുന്നവയാണ്. അത് അവയിലെ അക്ഷരങ്ങളിൽ അന്തർലീനമായിരിക്കുന്നു. ജപിച്ചെടുത്ത ആശയങ്ങളെ സർഗാത്മകതയുടെ പിൻബലത്തോടെ സമകാലികതയുടെ അടയാളപ്പെടുത്തലാവാൻ ഈ ഡിജിറ്റൽ മാഗസിനാകട്ടെ എന്നാശംസിക്കുന്നു.

*എം.കെ. സോമൻ*



# E_താളുകളിൽ


**ചരിത്രം........5-8**

LITTLE KITES
കുന്നംകുളം പഴമ
സ്കൂൾ ചരിത്രം

**കവിതകൾ.......9-13**
അക്ഷരമുറ്റം,
മരണമില്ലാത്ത സഖി
എയ്ഡ്സ്, പ്രണയം
ജീവിതത്തിന്റെ ഭൂപടം

**വരകളിലൂടെ.....14-16**

**കഥകൾ..........17-23**
ഒരു നുണക്കഥയിലെ ശാസ്ത്ര സത്യങ്ങൾ
സത്യസന്ധത
സന്യാസി നൽകിയ കണ്ണാടി
അമ്മയുടെ സ്നേഹം
POOR PIGEON

**പോസ്റ്ററുകൾ ........24-29**
ഞാൻ കണ്ട കായികമേള
പരിസ്ഥിതിയുടെ കാവലാളുകൾ
രസതന്ത്രം
സുരേലി ഹിന്ദി

**ലേഖനങ്ങൾ........30-42**
കലശമല,
മാതൃഭാഷ
ലഹരിക്കും ധൂർത്തിനും അടിമപ്പെടുന്ന പുതുതലമുറ
NOBEL PRIZE WINNERS 2023
VEDIC MATHS
താഴ്ന്ന ഊഷ്മാവിലെ ചില പ്രതിഭാസങ്ങൾ
കുട്ടികളുടെ ലൈബ്രേറിയൻ
പുസ്തകപരിചയം

# LITTLE KITES

1 ലക്ഷത്തിലധികം വിദ്യാർത്ഥി അംഗങ്ങളെ ഉൾക്കൊള്ളുന്ന കൈറ്റിൻ്റെ ഒരു അതുല്യ സംരംഭമാണ് 'ലിറ്റിൽ കൈറ്റ്സ്' ഐടി ക്ലബ്ബുകൾ. സംസ്ഥാന സർക്കാരിൻ്റെ പൊതുവിദ്യാഭ്യാസ നവോത്ഥാന മിഷൻ്റെ ഭാഗമായുള്ള ഹൈസ്കൂൾ കുട്ടിക്കൂട്ടം പരിപാടിയിൽ ആനിമേഷൻ, സൈബർ സുരക്ഷ, മലയാളം കംപ്യൂട്ടിംഗ്, ഹാർഡ്‌വെയർ, ഇലക്ട്രോണിക്സ് തുടങ്ങിയ 5 മേഖലകളിൽ വിദ്യാർത്ഥികൾക്ക് തീവ്രപരിശീലനം നൽകി ഘടനാപരമായി നവീകരിച്ചു. സ്റ്റുഡൻ്റ് പോലീസ് കേഡറ്റ് മാതൃക, അങ്ങനെ 'ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബുകൾ' ആയി.

ലിറ്റിൽ കൈറ്റ്സ് രാജ്യത്തെ ഏറ്റവും വലിയ വിദ്യാർത്ഥി ഐടി നെറ്റ്‌വർക്കായി മാറാൻ ഒരുങ്ങുന്നു.

ബഹു. മുഖ്യമന്ത്രി ശ്രീ. 2018 ജനുവരി 22ന് തിരുവനന്തപുരത്ത് പിണറായി വിജയനാണ് ഈ അതുല്യമായ സംരംഭത്തിന് തുടക്കം കുറിച്ചത്. ഇതിനകം കണ്ടെത്തിയ 5 പ്രധാന മേഖലകൾക്ക് പുറമേ, 'ലിറ്റിൽ കൈറ്റുകളുടെ' പ്രവർത്തന പൂച്ചെണ്ടിലേക്ക് മൊബൈൽ ആപ്ലിക്കേഷനുകളുടെ വികസനം, പ്രോഗ്രാമിംഗ്, റോബോട്ടിക്സ്, ഇ-കൊമേഴ്സ്, ഇ-ഗവേണൻസ്, വീഡിയോ ഡോക്യുമെൻ്റേഷൻ, വെബ് ടിവി തുടങ്ങിയ കൂടുതൽ വിഷയങ്ങൾ ചേർത്തിട്ടുണ്ട്.

Reference- Little kites website



# കുന്നംകുളം പഴമ



പുരാതനകാലത്ത് കൊച്ചി ശീമയിലെ തലപ്പിള്ളി മേൽ വട്ടത്തിലെ പ്രധാന പട്ടണം ആയിരുന്ന കുന്നംകുളങ്ങര. വാണിജ്യ കേന്ദ്രം എന്ന നിലയ്ക്കാണ് അതിന്റെ മേന്മ നിലനിന്നിരുന്നത്. സുറിയാനി ക്രിസ്ത്യാനികൾ ഇടതിങ്ങി പാർക്കുന്ന പ്രാചീന ജനപദമായിരുന്നു കുന്നംകുളങ്ങര. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകം വരെ കുന്നംകുളങ്ങര എന്ന തനി കേരളീയ നാടൻ ദീർഘനാമത്തിൽ അറിയപ്പെട്ടിരുന്ന പട്ടണത്തിൻറെ പേര് ബ്രിട്ടീഷ് ആധിപത്യത്തിലെ ദിവാൻ ഭരണ കാലത്ത് കുന്നംകുളം എന്നാക്കി ചുരുക്കപ്പെട്ടു.

## ഭൂപ്രകൃതിക്ക് അനുസൃതമായ സ്ഥലനാമം

കുന്നുകളും കുളങ്ങളും പട്ടണത്തിൽ ധാരാളം കാണാവുന്നതുകൊണ്ട് ഭൂപ്രകൃതിയുടെ സ്വഭാവമാണ് സ്ഥലനാമത്തിന് ഹേതു എന്ന് വേണം വിചാരിക്കാൻ. കിഴക്കും പടിഞ്ഞാറും വലിയ കുന്നുകൾ.അടുപ്പുട്ടി കുന്ന്, സിഎസ്ഐ മിഷൻ കുന്ന്, കിഴൂർ കുന്ന്, ചെറുകുന്ന് എന്നിവയും തുറക്കുളം, ചാട്ടുകുളം, കാട്ടിലെ കുളം എന്നീ കുളങ്ങളും ഉദാഹരണങ്ങളാണ്. ഉയർന്ന കുന്നുകളും കടുംതുക്കായ പ്രദേശങ്ങളും. ഓരോ കുന്നുകളുടെയും താഴ്വാരത്തിൽ രണ്ടും മൂന്നും വലിയ കുളങ്ങൾ. ധാരാളം പള്ളികൾ ഉള്ള ഇവിടെ ഓരോ പള്ളികൾക്കും അവകാശപ്പെട്ട കുളങ്ങൾ പണ്ട് ഉണ്ടായിരുന്നു.

ഹൈന്ദവ പാരമ്പര്യം അവകാശപ്പെടുകയും അതിൽ അഭിമാനിക്കുകയും ചെയ്യുന്നവർ ആയതുകൊണ്ടാണ് ദേവാലയങ്ങളോട് അനുബന്ധിച്ച് കുളങ്ങൾ ഉണ്ടായത്. ആരാധനാലയങ്ങളിൽ പ്രവേശിക്കുന്നതിനു മുൻപ് കുളത്തിൽ കുളിച്ച് ശുദ്ധി വരുത്തുന്ന ഹൈന്ദവ പാരമ്പര്യം ഇവിടുത്തെ ക്രിസ്ത്യാനി സമൂഹം പാലിച്ചിരുന്നു എന്നുവേണം കരുതാൻ. കേരളത്തിൽ തൃശ്ശൂരിനു വടക്കുള്ള ഒരു പ്രധാന വാണിജ്യ കേന്ദ്രമാണ് കുന്നംകുളം. ഈ ചെറിയ പട്ടണത്തിന് 300-ലേറെ വർഷത്തെ വാണിജ്യ ചരിത്രമുണ്ട്. അറബികൾ, ഗ്രീക്കുകാർ, പേർഷ്യക്കാർ, തുടങ്ങിയവർ കുന്നംകുളത്തുവന്ന് വ്യാപാരം ചെയ്തിരുന്നു.

മഞ്ജു വത്സൻ


# വിദ്യാലയ ചരിത്രം



പഠനത്തിന് വലിയ പ്രാധാന്യം നൽകിയിരുന്നവരാണ് കുന്നംകുളത്തുകാർ. പുരുഷന്മാർ കച്ചവടം ചെയ്യുമ്പോൾ സ്ത്രീകൾ അധികവും അധ്യാപനവൃത്തിയിലാണ് ഏർപ്പെട്ടിരുന്നത്.

അതുകൊണ്ടുതന്നെ കുന്നംകുളത്തിനെ പരിസരപ്രദേശങ്ങളിലായി ധാരാളം സ്കൂളുകൾ കാണപ്പെടുന്നു. 1934 ൽ ആണ് കോലാടി കെ.ടി. മാത്യു MLC കേരളത്തിൽ ആദ്യമായി അന്ധ- ബധിര - മൂക വിദ്യാലയം സ്ഥാപിക്കുന്നത്. അക്കാലത്ത് ഇത്തരം വിദ്യാർത്ഥികൾക്ക് പഠിക്കാൻ കേരളത്തിൽ വിദ്യാലയങ്ങൾ ഉണ്ടായിരുന്നില്ല. കുന്നംകുളം ഗവൺമെൻറ് ബോയ്സ് സ്കൂളിലാണ് ഇത് പ്രവർത്തിക്കുന്നത്.

കുന്നംകുളത്ത് സർക്കാർ ബോയ്സ് ഹൈസ്കൂൾ 1878 ൽ കൊച്ചി മഹാരാജാവ് തുടങ്ങിയതാണ്. 1870ൽ വടക്കാഞ്ചേരിയിൽ ആണ് ഈ സ്കൂൾ ആദ്യമായി പ്രവർത്തനം ആരംഭിച്ചത്. ഒരുകാലത്ത് ഹൈസ്കൂൾ വിഭാഗത്തിൽ മാത്രം 3000 കുട്ടികൾ ഇവിടെ പഠിച്ചിരുന്നു. പഴയകാലത്ത് ഹൈസ്കൂളിനോടനുബന്ധിച്ച് ഹോസ്റ്റൽ കെട്ടിടം ഉണ്ടായിരുന്നു.



1......10
1878.

ADMITTED TO THE DISTRICT SCHOOL OF HIS HIGHNESS

| | | | | | |
|---|---|---|---|---|---|
| | 1878 | | | | |
| 1 | April 3 | Thekkekara C. Kuriappan | 1 | Kunnamkulam | [illegible] Farmer Kunnamkulam |
| 2 | April 3 | Koladi V. Thavu | 1 | Kunnamkulam | [illegible] Trader Kunnamkulam |
| 3 | April 3 | Chiran V. Ittiip | 1 | Kunnamkulam | [illegible] Trader Kunnamkulam |
| 4 | " 3 | Panakal J. Thavu | [illegible] | Kunnamkulam | [illegible] Contractor Kunnamkulam |
| 5 | " 3 | Paramil Ch. Iyu | 1 | Kunnamkulam | [illegible] Farmer Kunnamkulam |
| 6 | " 3 | Chungathu I. Varithu | 1 | Kunnamkulam | [illegible] Farmer Kunnamkulam |
| 7 | " 3 | Panakal Ith. Ittiip | 1 | Kunnamkulam | [illegible] Trader Kunnamkulam |
| 8 | " 3 | Chiran. P. Mathu | 1 | Kunnamkulam | F. Chiran. M. Patthappan, Trader Kunnamkulam |
| 9 | " 3 | Kakasheri M. Ittiyra | 1 | Kunnamkulam | [illegible] Mathu Trader Kunnamkulam |
| 10 | " 3 | Thavunkal V. Varithu | 1 | Kunnamkulam | F. [illegible] Varithu Farmer Kunnamkulam |

ബോയ്സ് ഹൈസ്കൂൾ

കൊച്ചി രാജ്യത്ത് ഹോസ്റ്റൽ സൗകര്യം ഉള്ള ഏക ഹൈസ്കൂൾ കുന്നംകുളം ഗവൺമെൻറ് ബോയ്സ് സ്കൂൾ മാത്രമായിരുന്നു. 1950 കളിൽ കുന്നംകുളം ബോയ്സ് സ്കൂളിൽ ഐച്ഛിക വിഷയമായി കൃഷി പഠിക്കാൻ സൗകര്യമുണ്ടായിരുന്നു. ഇതിനുവേണ്ടി മധുരക്കുളത്തോടു ചേർന്നുള്ള നെൽപ്പാടങ്ങളും കല്ലുപറമ്പ് (ഇന്നത്തെ സീനിയർ ഗ്രൗണ്ട്)ഭാഗത്ത് പച്ചക്കറി തോട്ടങ്ങളും ഉണ്ടായിരുന്നു. ഇവിടെ ഉത്പാദിപ്പിച്ചിരുന്ന കാർഷിക വിളകളുടെ ലേലം ആഴ്ചയിൽ ഒരിക്കൽ സ്കൂളിൽ വച്ച് നടന്നിരുന്നു. കൂലി കൂടിയതും പണിക്ക് ആളെ കിട്ടാതായതും കൃഷി നിലങ്ങളുടെ നാശത്തിന് കാരണമായി. പനക്കൽ കുടുംബാംഗമായ ഒരു മഹത് വ്യക്തി കുന്നംകുളം സ്കൂളിനു വേണ്ടി ഭൂമി ദാനം ചെയ്തതിന്റെ രേഖകൾ കൊച്ചിരാജാവിൻ്റെ ചെമ്പോല(തിട്ടൂരം) സ്കൂളിൽ ഏറെക്കാലം സൂക്ഷിച്ചിരുന്നു. പിന്നീട് കുട്ടികൾ കുറഞ്ഞു പ്രതാപം നഷ്ടപ്പെട്ട സ്കൂൾ ഇന്ന് വീണ്ടും തിരിച്ചു വരവിൻ്റെ പാതയിലാണ്. വിഎച്ച്എസ്ഇ, ഹയർസെക്കൻഡറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, സ്പോർട്സ് ഡിവിഷൻ, അന്ധ-ബധിര- മൂക വിദ്യാലയം എന്നിവയിൽ ആയി ആയിരത്തിലധികം കുട്ടികൾ ഇന്നിവിടെ അധ്യയനം നടത്തുന്നുണ്ട്.






മഞ്ജു വത്സൻ


അക്ഷരമുറ്റം
പൂമ്പാറ്റകളായി ഞങ്ങൾ പാറി
നടന്നു വിദ്യാലയമുറ്റത്ത് പാറി നടന്നു
ഓരോ പൂവിലും തേൻ നുകരാൻ
അക്ഷരമുറ്റത്ത് പാറി നടന്നു
ഓരോ പൂക്കളും അധ്യാപകരായ്
ഞങ്ങളിലേക്ക അക്ഷരത്തുള്ളികൾ
പകർന്നു അക്ഷരമുറ്റത്ത
പാറി നടന്നു നന്മയും തിന്മയും
തിരിച്ചറിഞ്ഞു വിദ്യാലയ മുറ്റത്ത്
പാറി നടന്നു. പാറി നടന്നു നന്മയുടെ
മുത്തുകൾ ഞങ്ങൾ അറിഞ്ഞു
മെൽബിൻ കെ നിജീഷ് 6A

# മരണമില്ലാത്ത സഖി

അമ്മ തൻ കൈയിൽ നിന്നകന്നപ്പോൾ മുതൽ
ആദ്യക്ഷരത്തിൻ നീറുന്ന നൊമ്പരത്തോടെ
അറിവിന്നമൃതമായ്, നീയെൻ ജീവിതത്തിൻ സഖിയായി
അഴലിൽ അഴകായ്, ബാല്യസ്വപ്നത്തിൻ നിറവായ്

ഉറയ്ക്കാത്തക്ഷരങ്ങളെ നെഞ്ചോടു ചേർത്തു
നിർത്തിയെൻ കൈവെള്ളയിൽ ചൂരൽ പാടുകൾ
സതീർത്ഥ്യർക്കു മുന്നിലായ് കളങ്ങൾ തീർത്തീടവേ
സഖിയാം നിനക്കുമേൽ ശാപവാക്കുകൾ ചൊരിഞ്ഞു ഞാൻ.

പതിയെ മയിൽപ്പീലിത്തുണ്ടുകൾ മാനം കാണാതെ
പുസ്തകത്താളിൽ ഒളിച്ചിരുന്നപ്പോൾ മുതൽ
മണ്ണിൽ നിന്നും പിറവി കൊണ്ടവരുടെ ഗന്ധമേറ്റു -
വാങ്ങിയ സഖി നീയെനിക്കു പ്രിയമുള്ളവളായി.

വിദ്യാലയ പടികളിലെ കയറ്റിറക്കങ്ങളിൽ
ആദ്യക്ഷരസ്മൃതികളിൽ കുളിർ കോരിയണിഞ്ഞും
ശാസ്ത്ര വിസ്മയങ്ങളിൽ വിടരും മിഴികളുമായും
പ്രാപഞ്ചികരഹസ്യങ്ങൾ അനാവൃതമാകുന്നതും കണ്ടു.

മോഹനനൃത്തമാടും പ്രപഞ്ചത്തിൻ കാൽചിലങ്കകളുടെ
താളത്തിനൊത്തു നാം ആടി തിമർത്തതല്ലേ?
പ്രണയവേളകളിൽ കുറുകിടും കപോതമായ് നീ
സിരകളിൽ വിപ്ലവജ്വാലയായ് ചുരുട്ടിടും മുഷ്ടികൾക്കൊപ്പം
സഖീ - നിന്നെ ഞാൻ കുതൂഹലത്തോടെ നോക്കി നിന്നു.
ദാമ്പത്യ തിരക്കുകൾക്കിടയിൽ നീയെൻ വിരൽത്തുമ്പിൽ
നിന്നൂരിഞ്ഞിറങ്ങവേ അയഞ്ഞ വിരലുകൾക്കിടയിൽ
തൂങ്ങിയാടി സഖി നീ നിന്നു.

ജീവിതസായന്തനങ്ങളിൽ പ്രഭാകിരണങ്ങൾ ചൊരിഞ്ഞ
നിന്നോടൊപ്പമുള്ളതായിരുന്നതെൻ തീർത്ഥാടനം
ലോകബന്ധങ്ങൾക്കൊരു നവഭാഷ്യമേകി.

ക്ഷരമേറും ലോകത്തെ അക്ഷരപുണ്യമായ്
സഖിയാം വായനേ നീയെനിക്കു പ്രിയതരമായിടുന്നു
അമർത്യതയെ പുൽകും സഖിയായ് മാറിടുന്നു.

സ്റ്റെല്ല പി കെ



# എയ്ഡ്സ്

ശക്തി പ്രതിരോധമാണെന്ന
സത്യ-
മറിയൂ, ജീവിതകാലം
ജീവിച്ചുതീർക്കാൻ.
വാക്സിനിലൊട്ടുമീ
എയ്ഡ്സിനെ
ഓടിക്കാൻ
അറിയാം നമുക്കീ
മുൻകരുതലുകൾ.
രക്തദാനം മഹാദാനമായാലും
സ്വീകരിക്കുമ്പോൾ
സൂക്ഷിക്കുവിൻ.
അടുത്തിരുന്നാലും
സ്പർശിച്ചാലും
പകരില്ല,
എയ്ഡ്സ് എന്ന ഭീകരൻ
നമ്മളിലും.
പ്രതിരോധശക്തി വലിച്ചടുക്കും
പിന്നെ,രോഗങ്ങളോരോന്നു
വന്നു കൂടും.
അകറ്റരുത് നമ്മൾ മാനുഷർ,
അവരും
മനുഷ്യരാണെന്നോർത്തിടേണം
നല്ല ശീലങ്ങൾ പഠിച്ചെടുക്കൂ...
നല്ല ജീവിതം പടുത്തുയർത്തൂ...
രോഗങ്ങളേൽക്കാതെ
ബുദ്ധിമുട്ടാവാതെ
പാറിപ്പറക്കാമീ
ലോകമെങ്ങും...!

ദേവാഗ് ആർ, 8C

# പ്രണയം..

വരുമെന്ന് തീർച്ചയായിരുന്നു.
എല്ലാവരും പറയുക കൂടി ചെയ്തു.
വന്നാൽ എന്തൊക്കെ ചെയ്യുമെന്നും അറിയാമായിരുന്നു.
വന്നാൽ പറയാനുള്ള കാര്യങ്ങൾ, ചെയ്യാനുള്ള കാര്യങ്ങൾ, ഒരായിരം ആവർത്തി മനസ്സിൽ തയ്യാറെടുത്തു കഴിഞ്ഞിരുന്നു.
അധികം കാത്തിരിക്കേണ്ടി വന്നില്ല.
വന്നു.
ഇത്രയധികം തയ്യാറെടുപ്പുകൾ ഒക്കെ ചെയ്തിട്ടും, വന്നപ്പോൾ ഒരു വെപ്രാളം ആയിരുന്നു.
ആ സ്നേഹ ആലിംഗനത്തിൽ പെട്ടപ്പോൾ ഒന്ന് പതറി.
"ഇനി ആരും വേണ്ട, ആരെയും കാണേണ്ട, ഞാനുണ്ടല്ലോ".....
ആ സ്വരത്തിലെ പ്രണയം അതും പ്രതീക്ഷിച്ചതാണ്.
അതെ പ്രണയം സ്വാർത്ഥമാണ്, പലപ്പോഴും.
"നമുക്ക് പോകാം"..
" വന്നിട്ട് രണ്ടു ദിവസമല്ലേ ആയുള്ളൂ, അപ്പോഴേക്കും എന്നെ കൊണ്ടുപോകുകയാണോ? "
ചോദിക്കണമെന്ന് തോന്നി.
ചോദിച്ചില്ല. ദേഷ്യം വന്നാലോ?
അതെ പ്രണയം ഒരു കീഴടങ്ങൽ കൂടിയാണ്.
ഇത്രവേഗം കൂടെ പോകേണ്ടി വരുമെന്ന് കരുതിയില്ല.
പലപ്പോഴായി പലരും വിളിച്ചതാണ്,
എങ്കിലും അന്നൊന്നും പോയില്ല.
ഇപ്പൊ പോവുക തന്നെ,
കുടുംബാംഗങ്ങളുടെ കണ്ണുനീരിനെ കാണാതെ, നിലവിളികൾക്ക് ചെവികൊടുക്കാതെ, പോകാൻ തീരുമാനിച്ചു.
കെട്ടിപിടിച്ചൊരുമ്മ .. അത് പ്രതീക്ഷിച്ചിരുന്നു. അതുമുണ്ടായില്ല.
ഇനിയില്ല... ഇവിടേക്ക്....
കൂടെ പോകുമ്പോൾ,തിരിഞ്ഞു നോക്കാതിരിക്കാൻ കഴിഞ്ഞില്ല!
വലിയ കുഴിയിലേക്ക്, കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് കെട്ടിപ്പൊതിഞ്ഞ തന്റെ ഭംഗിയുള്ള ശരീരം ഇറക്കിവയ്ക്കാൻ പാടുപെടുന്ന ആരോഗ്യ പ്രവർത്തകരെ ഒന്നു കാണുവാൻ വേണ്ടി മാത്രം......

**ഡോളി സി മാത്യൂസ്**



# ജീവിതത്തിന്റെ ഭൂപടം

ഗൂഗിൾ മാപ്പിന്റെ സഹായത്താൽ  വഴി തേടിയ ഇന്നിന്റെ മക്കൾ

അറിയുന്നില്ല ഒരിക്കൽ വയനാടൻ മലയിലേക്ക് വഴി പറഞ്ഞ കരിന്തണ്ടന്റെ കഥ.

വഴി പറഞ്ഞു കൊടുത്ത ഓനെ സായിപ്പ് വെടിവച്ചു കൊന്ന് ചോര ചുരത്തിയ കഥ.

മേഘത്തിന് വഴി പറഞ്ഞു കൊടുത്തു യക്ഷൻ കാളിദാസൻ കാവ്യത്തിൽ  പ്രണയം വരച്ച കഥ.

ജീവിതത്തിന്റെ ഭൂപടം വായിക്കുമ്പോൾ തെളിയുന്നത്

ഭൂമിയിൽ മനുഷ്യൻ എത്താത്ത വഴികൾ ഇനിയും ഉണ്ടെന്നാണ്.

ആ വഴികൾ ഭൂമിയോളം  വലുതെന്നും..


ഗീവർഗീസ് പീറ്റർ

# വരകളിലൂടെ


Muhamed faes P.S
IX D


Before
Current
Muhamed faes P.S
IX D
MUHAMED FAES PS

# വരകളിലൂടെ









KARTHIK PS


# കുട്ടി വരകൾ



Abhinadh shifin




Bhavin.MS 7A



Bhawin. MS




Kashinath. MS



Adwaith krishna



Gourinath.p



Adhith K.P




Aadhinath P.P

# ഒരു നുണക്കഥയിലെ ശാസ്ത്ര സത്യങ്ങൾ.....

നല്ലൊരു പ്രഭാതം.കൺതുറന്നു പുറത്തേക്ക് നോക്കിയപ്പോൾ സന്തോഷം തോന്നി. കൂട്ടത്തിൽ ഓർത്തു: പൈനിയൽ ഗ്രന്ഥി കൃത്യമായി പ്രവർത്തിച്ചിരിക്കുന്നു.അല്ലെങ്കിൽ ഞാൻ കുറെ നേരം കൂടി ഉറങ്ങി പോയേനെ. എന്റെയാ ആത്മഗതം തൈറോയ്ഡ് ഗ്രന്ഥിക്ക് ഒട്ടും ഇഷ്ടമായില്ല.

”ഹും...ഹൃദയമിടിപ്പും ഊർജ്ജോൽപാദനവും എല്ലാം കൃത്യമായി നിയന്ത്രിച്ച് ആരോഗ്യത്തോടെ നിർത്തുന്ന എന്നെക്കുറിച്ച് നല്ലത് പറയാൻ ആരുമില്ല. ഞാനിവിടെ മടി പിടിച്ചിരുന്ന് തൈറോക്സിൻ ഉത്പാദിപ്പിച്ചില്ലെങ്കിൽ ഹൈപ്പോതൈറോയിഡിസം വരുമെന്ന വല്ല വിചാരവും ആർക്കെങ്കിലും ഉണ്ടോ?”- തൈറോയ്ഡ് ഗ്രന്ഥി രോഷത്തോടെ പറഞ്ഞു.
” അതിപ്പോ നീ കൂടുതൽ തൈറോക്സിൻ ഉത്പാദിപ്പിച്ചാലും കുഴപ്പമല്ലേ?ദേ, പോകുന്നു ഗ്രേവ്സ് രോഗി എന്ന് പറഞ്ഞ് ആളുകൾ എന്നെ കളിയാക്കില്ലേ? ”

ഞാനാ പറഞ്ഞത് ഗ്രന്ഥികളും കൂട്ടുകൂടെ തൈറോയ്ഡ് ഗ്രന്ഥി ഇരുന്നു.
” അയ്യോ, ദേഷ്യം ഞാൻ ധാരാളം തരുന്നില്ലേ? ഗോയിറ്റർ ഒന്നും ഇരിക്കുന്നത്”





കേട്ട് എല്ലാ ചിരിച്ചു. ദേഷ്യത്തിൽ

പിടിക്കല്ലേ.നിനക്ക് അയഡിൻ അതുകൊണ്ടല്ലേ നീ വരാതെ സ്ലിമ്മായി

ഇതൊന്നും കേട്ടിട്ടും തൈറോയ്ഡ് ഗ്രന്ഥിക്ക് സമാധാനമായില്ല.തൊട്ടു പുറകിൽ ഇരിക്കുന്ന പാരാതൈറോയ്ഡ് ഗ്രന്ഥിയെ ഒന്ന് തിരിഞ്ഞുനോക്കി. താൻ ഉൽപ്പാദിപ്പിക്കുന്ന കാൽസിടോണിന്റെ അടുത്ത കൂട്ടുകാരനാണ് പാര തൈറോയ്ഡ് ഗ്രന്ഥി ഉത്പാദിപ്പിക്കുന്ന പാരതൊർമോൺ.രണ്ടുപേരും കൂടിയല്ലേ രക്തത്തിലെ കാൽസ്യം നിയന്ത്രിക്കുന്നത്. എന്നിട്ടും ചിരിച്ചിരിക്കുന്നു,തന്നെ കളിയാക്കാൻ!
 മുകളിൽ ഇരിക്കുന്ന പിറ്റ്യൂറ്ററി ഗ്രന്ഥി കണ്ണുരുട്ടി  തൈറോയ്ഡ് ഗ്രന്ഥിയെ ഒന്നു നോക്കി. TSH ഉല്പാദിപ്പിച്ച് തന്നെ നിയന്ത്രിക്കുന്ന കക്ഷിയാണ്. തൈറോയ്ഡ് ഗ്രന്ഥി അങ്ങോട്ട് നോക്കാനേ പോയില്ല. അല്ലെങ്കിലും അഹങ്കാരം കുറച്ച് കൂടുതലാണ് പിറ്റ്യൂറ്ററിക്ക്. എല്ലാവരെയും കേറിയങ്ങ് ഭരിക്കും!ACTH, GTH എന്നിവയൊക്കെ ഉപയോഗിച്ച് അഡ്രിനൽ ഗ്രന്ഥിയെയും ലൈംഗിക അവയവങ്ങളെയുമൊക്കെ നിയന്ത്രിക്കുന്നതിന്റെ അഹങ്കാരം! പിന്നെ,വളർച്ച ഹോർമോണും പിറ്റ്യൂറ്ററിയുടെ സ്വന്തം സൃഷ്ടിയല്ലേ!

സത്യം പറഞ്ഞാൽ പിറ്റ്യൂറ്ററിയെ ഒതുക്കാൻ ഹൈപ്പോതലാമസ് വിചാരിച്ചാൽ മതി. പക്ഷേ വിചാരിക്കില്ലല്ലോ! രണ്ടുപേരും അത്രയ്ക്ക് കൂട്ടാണ്. ഹൈപ്പോതലാമസ് ഉല്പാദിപ്പിക്കുന്ന രണ്ട് ഹോർമോണുകളെ ദാനം ചെയ്യാൻ മാത്രം സൗഹൃദം ഉണ്ടവർക്ക്.അതുകൊണ്ടാണല്ലോ ഓക്സിടോസിനും വാസോപ്രസിനും പിറ്റ്യൂറ്ററിയുടെ പിൻദളത്തിൽ വന്നു കിടക്കുന്നത്! തൈറോയ്ഡ് ഗ്രന്ഥി നെടുവീർപ്പിട്ടുകൊണ്ട് മിണ്ടാതെ ഇരുന്നു. കുറെ നേരമായി വെറുതെ ഇരിക്കുകയായിരുന്ന പാൻക്രിയാസ് ഗ്രന്ഥി ഞെട്ടിപ്പോയി!! എന്തായിത്?? ലഡുവും,ജിലേബിയും ഒക്കെ ഒരു കൺട്രോളുമില്ലാതെ!

വൃക്കയ്ക്ക് മുകളിൽ അഡ്രിനൽ ഗ്രന്ഥി പോലും ഇന്ന് SSLC റിസൾട്ട് വന്ന കുറവ് ഉണ്ടാവില്ല!എത്ര ഉത്പാദിപ്പിച്ചാലാണ് ഒന്ന് കുറഞ്ഞു കിട്ടുക! വിഷമിച്ചു പോയി...




സുഖിച്ചിരിക്കുകയായിരുന്ന ഒന്ന് തിരിഞ്ഞുനോക്കി. ദിവസമാണ്. മധുരത്തിന് ഇൻസുലിൻ രക്തത്തിലെ പഞ്ചസാര പാൻക്രിയാസ് ഗ്രന്ഥി

രക്തത്തിൽ പഞ്ചസാരയുടെ അളവ് കൂടി പ്രമേഹം വന്നാലേ ഇവരൊക്കെ പഠിക്കുകയുള്ളൂ.എന്നും കാണും മധുരം കഴിക്കാൻ ഓരോരോ കാരണങ്ങള്.... ഇനി കുറച്ചുദിവസത്തേക്ക് ഗ്ലൂക്കഗോണിന്റെ ആവശ്യം കാണില്ല. രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയുമ്പോഴല്ലേ അത് വേണ്ടൂ..

" നിനക്ക് ഒരു പണിയുമില്ലേ? "

അഡ്രിനൽ ഗ്രന്ഥിയോടായി ഒരു ചോദ്യമെറിഞ്ഞു.

"ഇത് നല്ല കൂത്ത്!ഞാൻ പണിയെടുക്കുന്നത് നീ ഒന്നും കാണുന്നില്ലേ? ഈ റിസൾട്ട് വരുന്നത് പ്രമാണിച്ച് എത്ര എപ്പിനെഫ്രിൻ ആണ് ഞാൻ ഉത്പാദിപ്പിച്ചത്,റിസൾട്ട് പേടി കാരണം.പിന്നെ,കൊഴുപ്പിന്റെ ഉപാപചയം വരുന്നതല്ലേ ഉള്ളൂ.. ഉച്ചയാവട്ടെ,അപ്പോഴേ കോർട്ടിസോൾ വേണ്ടൂ.പിന്നെ, എന്റെ ആൽഡോസ്റ്റിറോൺ ജല-ലവണ സന്തുലനം നിയന്ത്രിക്കുന്നത് നീ കാണുന്നില്ലേ?"

ശരിയാണ്.ഞാൻ അത് ശ്രദ്ധിച്ചില്ല. ഇനി സംസാരിച്ചിരിക്കാൻ നേരമില്ല. ജോലിഭാരം കൂടുന്ന സമയമായി തുടങ്ങി. എല്ലാ ഗ്രന്ഥികളും തങ്ങളുടെ വിശ്രമമില്ലാത്ത ജോലികളിലേക്ക് തിരിഞ്ഞു..

ഡോളി സി മാത്യൂസ്

# സത്യസന്ധത

പണ്ടൊരു ഗ്രാമത്തിൽ രാമു എന്ന് പേരുള്ള ഒരാൾ താമസിച്ചിരുന്നു. അച്ഛനും അമ്മയും ഭാര്യയും രണ്ടു മക്കളും അടങ്ങുന്നതായിരുന്നു അയാളുടെ കുടുംബം. അച്ഛന്റെ ജോലി കൊണ്ടായിരുന്നു ആ കുടുംബം ഇത്രയും നാൾ ജീവിച്ചു പോന്നിരുന്നത്. ഇപ്പോൾ തന്റെ അച്ഛന് പ്രായമായിരിക്കുന്നു എന്ന സത്യം രാമു തിരിച്ചറിഞ്ഞു. ഇനിയുള്ള നാളുകൾ അദ്ദേഹം വിശ്രമിച്ചോട്ടെ ഞാൻ കുടുംബത്തെ എന്ത് പണിചെയ്തും സംരക്ഷിച്ചു പോരും എന്നു രാമു തീരുമാനിച്ചു. ഇനിമുതൽ അച്ഛൻ ജോലിക്ക് പോകണ്ട എന്നും താൻ കുടുംബത്തെ സംരക്ഷിച്ചോളാം എന്നും രാമു തന്റെ അച്ഛന് വാക്ക് കൊടുത്തു.

അങ്ങനെ മുന്നോട്ടുള്ള ജീവിതം നയിക്കാൻ രാമു തയ്യാറായി. എനിക്ക് കിട്ടിയ എന്ത് പണിചെയ്തും തന്റെ കുടുംബത്തെ സംരക്ഷിച്ചു പോന്നു. കുറച്ചു ദിവസത്തിനുശേഷം രാമ ചിന്തിക്കാൻ തുടങ്ങി. കുറച്ചുകൂടി പൈസ കിട്ടുന്ന ജോലി കണ്ടെത്തണം. ഇത് ആലോചിച്ചുകൊണ്ട് അയാൾ കാട്ടിലൂടെ നടന്നു. അയാളുടെ മനസ്സിൽ ഒരുകാര്യം തെളിഞ്ഞു വന്നു. ഇവിടെയുള്ള മരങ്ങൾ വെട്ടി വിറ്റ് പൈസ ഉണ്ടാക്കാൻ തീരുമാനിച്ചു. തന്റെ സുഹൃത്തായ ദാമുവിനെ ഒപ്പം കൂട്ടി. വിറ്റ് കിട്ടുന്ന പൈസ രാമു തന്റെ കൂട്ടുകാരനായ ദാമുവിനെയും സഹായിച്ചു പോന്നു. സഹായിക്കാൻ മനസ്സുള്ള രാമു ദാമുവിന്റെ കുടുംബത്തിന് ആശ്വാസമായി. ഒരു ദിവസം രണ്ടു പേരും കാട്ടിൽ മരം വെട്ടാൻ പോയി. രാമനെ സഹായിക്കൽ ആയിരുന്നു ദാമു ജോലി. മരം വെട്ടി അവശനായ രാമു കുറച്ചുനേരം വിശ്രമിക്കാൻ ഇരുന്നു. ആ സമയത്ത് ദാമു തന്റെ കൂട്ടുകാരനായ രാമുവിന്റെ കോടാലി ഒളിപ്പിച്ചുവെച്ചു ഒന്നുമറിയാത്തതുപോലെ അവിടെ കിടന്നുറങ്ങി. ഉറക്കം ഉണർന്ന രാമു തന്റെ കോടാലി അന്വേഷിച്ചു നടന്നു. തന്റെ നഷ്ടപ്പെട്ട കോടാലിയെ ഓർത്ത് കരയാൻ തുടങ്ങി. ഉറക്കം നടിച്ചു കിടന്ന ദാമു കാര്യം തിരക്കി. താനും ഉറങ്ങി പോയതുകൊണ്ട് തനിക്കും അറിയില്ല എന്ന മറുപടിയായിരുന്നു ദാമു നൽകിയത്. മരം വെട്ടാൻ കഴിയാതെ രണ്ടുപേരും വീട്ടിലേക്ക് മടങ്ങി. അവിടെ നടന്ന കാര്യം രാമു അച്ഛനോട് പറഞ്ഞു. വിഷമിച്ചിരുന്നത് രാമുവിനെ അച്ഛൻ ആശ്വസിപ്പിച്ചു.

പിറ്റേദിവസം നേരം പുലർന്നപ്പോൾ രാമു തന്റെ കൂട്ടുകാരനായ ദാമുവിന്റെ വീട്ടിലേക്ക് പോയി. ദാമു രാമുവിനെ ആശ്വസിപ്പിച്ചു. എങ്ങനെയെങ്കിലും ഒരു കോടാലി വാങ്ങണം. വീട്ടിലെ ആവശ്യത്തിന് മാറ്റി വെച്ചിരുന്ന കുറച്ചു പൈസ എടുത്ത് കോടാലി വാങ്ങി വീണ്ടും നമുക്ക് മരം വെട്ടി തുടങ്ങാം. ഇതുകേട്ടപ്പോൾ ദാമുവിന് വിഷമം തോന്നി. സ്വന്തം കാര്യം നോക്കാതെ എന്നെയും ഒപ്പം കൂട്ടുന്നല്ലോ എന്നവൻ ചിന്തിച്ചു. രാമുവിന്റെ സത്യസന്ധത കണ്ടപ്പോൾ ഒരു വിഷമം വന്നപ്പോൾ അവൻ തന്റെ കുടുംബത്തോടൊപ്പം എന്റെ കുടുംബത്തെയും സംരക്ഷിക്കാനുള്ള ആ ഒരു നല്ല മനസ്സ് ഞാൻ കാണാതെ പോയി. താൻ ചെയ്ത തെറ്റ് രാമുവിനോട് തുറന്നു പറഞ്ഞു. ഒറ്റയ്ക്ക് മരംവെട്ടി സമ്പാദിക്കാൻ വേണ്ടിയാണ് ഞാൻ അങ്ങനെ ചെയ്തത് നീ എനിക്ക് മാപ്പ് തരണം. നിന്റെ സത്യസന്ധത ഇന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ദാമു രാമുവിന് കോടാലി തിരികെ നൽകി. വീണ്ടും മരം വെട്ടാൻ രാമു ദാമുവിനെ കൂടെ കൂട്ടി. അങ്ങനെ ബാക്കിയുള്ള കാലം രണ്ടുപേരും അവരുടെ കുടുംബത്തോടൊപ്പം സന്തോഷത്തോടെ ജീവിച്ചു.

*അദ്വൈത് കൃഷ്ണ എം എസ്*, 7A

# സന്യാസി നൽകിയ കണ്ണാടി

ഒരു ഗ്രാമത്തിൽ മാധവൻ എന്ന ദരിദ്രനായ ഒരാൾ ഉണ്ടായിരുന്നു.മാധവനും കുടുംബവും പട്ടിണിയായിരുന്നു.ഒരു ദിവസം മാധവൻ ഉമ്മറത്തിണ്ണയിൽ ഇരിക്കുമ്പോൾ ഒരു സന്യാസി അതുവഴി വന്നു. മാധവനോട് സന്യാസി പറഞ്ഞു നിന്റെ കുടുംബത്തിലെ പട്ടിണിയും ദാരിദ്ര്യവും മാറ്റാനായി ഞാൻ ഒരു വഴി പറഞ്ഞു തരാം. ഞാൻ തരുന്ന കണ്ണാടിയും കൊണ്ട് നീ കാട്ടിലേക്ക് പോകുക. ഇത് പറഞ്ഞുകൊണ്ട്  തന്റെ കൈവശമുള്ള കണ്ണാടി മാധവന് കൊടുത്ത് സന്യാസി അവിടെ നിന്നും പോയി. മാധവൻ അപ്പോഴാണ് ചിന്തിച്ചത് ആ കാട്ടിലല്ലേ മനുഷ്യനെ പിടിക്കുന്ന പോലെയുള്ളത്. ഞാൻ ആ കാട്ടിലേക്ക് പോയാൽ ആ പുലി എന്നെ പിടിച്ചാലോ. മാധവൻ കുറെ നേരം ആലോചിച്ചു അതിനുശേഷം ഒരു തീരുമാനത്തിലെത്തി. എന്തു വന്നാലും വേണ്ടില്ല കാട്ടിലേക്ക് പോവുക തന്നെ. സന്യാസി നൽകിയ കണ്ണാടിയുമായി മാധവൻ കാട്ടിലേക്ക് യാത്ര തിരിച്ചു.

കുറേ ദൂരം നടന്നു. വഴിയിൽ ഒന്നും ആരെയും കണ്ടില്ല. ക്ഷീണിച്ചു അവശനായ മാധവൻ അടുത്ത് കണ്ട ഒരു ഗുഹയിൽ കയറിയിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ ഗുഹയുടെ ഉള്ളിൽ നിന്ന് രണ്ട് കണ്ണുകൾ കണ്ടു. കുറച്ചുകൂടി അടുത്തേക്ക് വന്നപ്പോൾ മാധവന് മനസ്സിലായി അതൊരു പുലിയുടെ ആണെന്ന്. മാധവൻ പേടിച്ച് ഭയന്ന് വിറച്ചു. പേടിച്ച് ഓടാൻ തുടങ്ങിയ മാധവൻ ഒരു കല്ലിൽ തട്ടി വീണു. പുലി മാധവന്റെ പുറത്ത് കയറി നിന്നുകൊണ്ട്  പറഞ്ഞു, നിന്റെ കയ്യിലുള്ള സ്വർണവും പണവും എല്ലാം വേഗം എടുത്തോ. മാധവൻ പറഞ്ഞു എന്റെ കയ്യിൽ സ്വർണ്ണവും പണവും ഒന്നുമില്ല. അതുകൊള്ളാം എന്നാൽ നിന്നെ എന്റെ ആഹാരം ആക്കാം പുലി പറഞ്ഞു. മാധവന് ഒരു സൂത്രം തോന്നി. എന്നെ എന്റെ രാജാവ് കാട്ടിലേക്ക് പറഞ്ഞയച്ചതാണെന്നും രാജാവിന്റെ രോഗം മാറാൻ 100 പുലിയുടെ തല ആവശ്യമാണെന്നും ഇപ്പോൾ തന്നെ 99 പുലിയെ ഞാൻ പിടിച്ചു എന്നും നിന്റെ കൂടെ തലയെടുത്താൽ 100 തികയുമെന്നും അതിനുവേണ്ടിയാണ് ഞാൻ കാട്ടിലേക്ക് വന്നതെന്ന് പറഞ്ഞു. ഇത് കേട്ട പുലി നീയെന്നെ പറ്റിക്കാൻ വേണ്ടി പറയുകയാണെന്ന് പറഞ്ഞു. വിശ്വാസമായില്ലെങ്കിൽ ഞാൻ പിടിച്ച 99പുലികളുടെയും തല നിനക്ക് കാണിച്ചു തരാം എന്ന് പറഞ്ഞു.

അതിനുശേഷം കണ്ണാടി എടുത്ത് 99തവണ പുലിയെ കാണിച്ചുകൊടുത്തു. ഒരു തവണ കാണിച്ചു കൊടുക്കുമ്പോഴും പുലിയുടെ തലകണ്ട ഈ പുലി പേടിച്ച് മാധവനോട് പറഞ്ഞു. നിന്നെ ഞാൻ ഒന്നും ചെയ്യില്ല നിനക്ക് വേണ്ട സ്വർണ്ണവും പണവും എല്ലാം ഞാൻ തരാം. എന്നെ വെറുതെ വിടണം. നീ മറ്റൊരു കാട്ടിൽ പോയി വേറൊരു പുലിയെ പിടിച്ചോളു. പുലികൊടുത്ത സ്വർണ്ണവും പണവുമായി മാധവൻ നാട്ടിലേക്ക് പോയി. പിന്നീടുള്ള കാലം പട്ടിണി ഒന്നും ഇല്ലാതെ മാധവനും കുടുംബവും സുഖമായി ജീവിച്ചു.

കർണ്ണൻ 6A



# അമ്മയുടെ സ്നേഹം

ഡോക്ടർ പറഞ്ഞു, അപകടത്തിൽ കണ്ണിനാണ് ക്ഷതം സംഭവിച്ചത് . വളരെയധികം ഗുരുതരമാണ് അവന് പറ്റിയിരിക്കുന്നത്.ഇനിയൊരു കണ്ണ് കിട്ടിയാൽ മാത്രമേ കാണാൻ പറ്റുകയുള്ളു . അമ്മ പറഞ്ഞു, ഞാനവനു കണ്ണ് കൊടുക്കാം. ആദ്യം ഡോക്ടർ സമ്മതിച്ചില്ല. അമ്മയുടെ നിർബന്ധത്തിനു വഴങ്ങി ഡോക്ടർ സമ്മതിച്ചു. അപ്പുവിനെ സർജറി ചെയ്തു സർജറി വിജയകരമായി പൂർത്തിയായി. അപ്പു കണ്ണ് തുറന്നപ്പോൾ കൂട്ടുകാർ എവിടെ എന്നാണ് ചോദിച്ചത്. ഇത് കേട്ട് ഡോക്ടർ, നിനക്ക് അമ്മയെ കാണണ്ടേ എന്ന് ചോദിച്ചു. അപ്പോൾ അപ്പു പറഞ്ഞത് എനിക്ക് അമ്മയെ കാണണ്ട എന്നാണ്.ഡോക്ടർ അവനോട് പറഞ്ഞു, അമ്മയുടെ കണ്ണാണ് നിനക്ക് ഇപ്പോൾ വെച്ചിരിക്കുന്നത്. ഇത് കേട്ടപ്പോൾ അപ്പുവിന് വളരെയധികം സങ്കടം തോന്നി. അപ്പോൾ ഉള്ളിൽ മന്ത്രിച്ചു, എന്റെ ലഹരി ഉപയോഗം കാരണമാണ് എന്റെ അമ്മയുടെ കാഴ്ച നഷ്ടപ്പെട്ടത്....

മെൽബിൻ, 6 A

# The Poor Pigeon

once upon a time there lived a group of pigeons in the forest.the group had a Leader named Mike. Everyone were respect and obey Mike. But one of them named scar didn't respect mike and he was trying to kill him for the leadership of the group.



One day they saw a paddy field and landed for ate the grains.After some time the owner of that field came there. And he saw the pigeons that. Were eating the grains,and he become angry. He picked up a stick from the ground and ran to beat and chase away the pigeons.Mike the leader of the group saw the farmer and he told to all the pigeons in his group to fly and escape.All the pigeons obey mike and fly away from the field. But scar didn't obey. Mike told again and again to him to escape. but he still didn't obey. But by then the farmer had come very close to them. Seeing this, Mike immediately flew away.But Mike did not escape. At last the farmer beat the Scar and finally he died.

********************

*Goutham P,* **9D**

# ഞാൻ കണ്ട കായികമേള


65-ാമത്
കേരള സ്കൂൾ
കായികോത്സവം
2023 ഒക്ടോബർ 16 – 20
കുന്നംകുളം
തൃശൂർ
State school
SPORTS FESTIVAL
കായിക മാമാങ്കത്തിന്
കൊടിയിറങ്ങി
കുന്നംകുളത്തിന്
100
100
മലയാള മനോരമ
തീ പാറട്ടെ, ട്രാക്കിൽ
ഈ കപ്പ് ഞങ്ങളെടുക്കും
ആതിഥേയർ ഒരുങ്ങി ഇങ്ങനെ


Ecoclub
പരിസ്ഥിതിയുടെ
കാവലാളുകൾ
June 5
World Environment Day
Eco Club


# ECO - POSTERS





NISHAL, 9D




ADIL, 8A


ECOCLUB
ACTIVITIES
"ഹരിതാഭമാവട്ടെ മണ്ണും
മനസ്സും വിദ്യാലയവും"
BY RIGVED. MS 9:D


CHEMISTRY
C haracteristics of particles
H ymns of reaction
E nthusiastic observations
M omentary results
I nspired not by the speculations
S trategic approach to hypothesis
T reatment in every regularity
R easoning for every experiment
Y elling for a war free world
Vanaja Menon

# सुरीली हिंदी

सभी स्कूलों में 2016 से सुरीली हिंदी कार्यक्रम चला रहे हैं। हमारे स्कूल में भीअच्छी ढग से सुरीली हिंदी कार्यक्रम चला रहे हैं। सुरीली हिंदी की जरिए हम बच्चों में हिंदी भाषा के प्रति रुचि पैदा करने की कोशिश कर रहे हैं। वीडियो, ऑडियो, वाचन कार्ड, वर्कशीट आदि तरीकों से स्कूल के सभी छात्रों सुरीली हिंदी कार्यक्रमों में भागीदारी हो जाती है। यह सुनिश्चित है कि स्कूल के सभी बच्चों में हिंदी भाषा के प्रति चाव बढ़ाने के लिए इस कार्यक्रम को हो सकते हैं।




जिल्सी पीटर

# കലശമല



ലോകമെമ്പാടും നരിമട എന്ന സ്ഥലമായ സിസെജിയം ട്രാവൻകോറിക്കം കൂടുതൽ ആകർഷണീയമാണ്. ഈ മരം കാണാൻ വിവിധ രാജ്യങ്ങളിൽ നിന്നുള്ള ആളുകൾ ഇവിടെ സന്ദർശിക്കാറുണ്ട്. പ്രകൃതിദത്തമായ ഒരു സൗന്ദര്യാത്മക സ്ഥലമാണ് നരിമട. പ്രകൃതി ഭംഗിയാൽ ഇവിടം സന്ദർശിക്കുന്ന ആരെയും ആകർഷിക്കുന്ന പ്രത്യേകത ഈ സ്ഥലത്തിനുണ്ട്. കടുവ ഗുഹ അല്ലെങ്കിൽ നരിമട എന്നറിയപ്പെടുന്ന ഈ സ്ഥലത്ത് ഉയർന്ന ഗുഹയുണ്ട്. മലയാള സിനിമയിലെ ഒട്ടനവധി സിനിമകളുടെ ഷൂട്ടിംഗ് സ്ഥലമായി മാറിയിരിക്കുകയാണ് നരിമട. സൂപ്പർസ്റ്റാർ മമ്മൂട്ടി അഭിനയിച്ച 'ഭ്രതക്കണ്ണാടി' എന്ന സിനിമയുടെ ചിത്രീകരണം പ്രധാനമായും നടക്കുന്നത് ഇവിടെയാണ്. ഈ സ്ഥലത്തിൻ്റെ ഭംഗി ഒപ്പിയെടുക്കാൻ ധാരാളം സിനിമകളും ആൽബങ്ങളും ഈ പ്രദേശത്ത് ചിത്രീകരിക്കുന്നു.





.നരിമടയിലെ സിസെജിയം
ട്രാവൻകോറിക്കം സ്പീഷീസ്.
ആദ്യത്തേത് ഗ്യാംബ്ലർ എന്ന
ബ്രിട്ടീഷ് ശാസ്ത്രജ്ഞനാണ്. 1910-12
കാലഘട്ടത്തിൽ പ്രസിദ്ധീകരിച്ച
"ഫ്ലോറ ഓഫ് ദി പ്രെസിഡെൻസി
ഓഫ് മദ്രാസ്" എന്ന പുസ്തകത്തിൽ
ഈ സ്ഥലത്തെയും മരത്തെയും
കുറിച്ച് അദ്ദേഹം എഴുതിയിട്ടുണ്ട്.
അടുത്തത് കേരളത്തിലെ
കാർഷിക സർവ്വകലാശാലയിലെ
പ്രൊഫസർ വിദ്യാസാഗർ ആണ്.
2005-ൽ അദ്ദേഹം പഠനം
നടത്തി. പിന്നീട് ഗുരുവായൂർ
ശ്രീകൃഷ്ണ കോളേജ് ബോട്ടണി
വിഭാഗത്തിലെ പി.എൻ.ഗണേഷ്,
ഡോ.ഹരിനാരായണൻ എന്നിവർ
ഈ എൻഡമിക് സ്പീഷിസിനെക്കുറിച്ച്
കൂടുതൽ പഠനം നടത്തി.കേരളത്തിൽ
മാത്രമേ ഈ മരങ്ങൾ ലഭ്യമാവൂ എന്നും
കലശമലയാണ് ഈ മരങ്ങളുടെ
പ്രധാന ആവാസകേന്ദ്രം എന്നും
വാദിച്ചു

ജജിത് പ്രകാശ്, 9D

# മാതൃഭാഷ

മാതൃഭാഷയാണ് എല്ലാവിധ സാംസ്കാരിക അദിവൃദ്ധിയുടെയും അടിത്തറ. മാതൃഭാഷാസ്നേവും മാതൃഭാഷാഭിമാനവുമുള്ള ജനതയ്ക്കു മാത്രമേ യഥാർത്ഥ സംസ്കാരികാഭിവൃദ്ധി ലഭിക്കുകയുള്ളൂ. എന്നാൽ വർത്തമാനകാലത്ത് മാതൃദാഷ നിരന്തരം അവമതിക്കപ്പെടുന്നതായാണ് കണ്ടുവരുന്നത്.ഭാഷ ഭാഷണം ചെയ്യാനുള്ളതാണ്. അപരിചിതമായ ഒന്നിനെ ഗ്രഹിക്കുവാൻ ഒരാളെ സഹായിക്കുന്നത് മാതൃഭാഷയാണ്. ഒരു കുട്ടിയുടെ നൈസർഗിക കഴിവുകൾ വളരുന്നത് മാതൃഭാഷയിലൂടെയാണ്. മലയാള ഭാഷ നമ്മളെ നാമാക്കിയ ഭാഷയാണ്. മലയാളനാടിന്റെ സംസ്കാരം അറിയുന്നത് മലയാള ഭാഷയിലൂടെയാണ്. മലയാള ഭാഷയെ മറന്നാൽ സ്വന്തം നാടിനെയും മറന്നു പോകും. ഒരു കുഞ്ഞിന്റെ ആദ്യ ഭാഷ മാതൃഭാഷയായിരിക്കും. വിദ്യഭ്യാസത്തിന് ഏത് ഭാഷയായാലും മതി. എന്നാൽ അമ്മയേയും അച്ഛനേയും തിരിച്ചറിയാനും തിരിച്ചറിവ് സ്വീകരിക്കാനും മാതൃഭാഷ വേണം. അതാണ് മാതൃഭാഷയുടെ മഹത്വം. ഭാഷ നഷിക്കുമ്പോൾ സംസ്കാരം നശിക്കുന്നു. ഓരോ ഭാഷയും സംസ്കാരതിന്റെ ചിഹനമാണ്.

അതുൽ കൃഷ്ണ
7A

# ലഹരിക്കും ധൂർത്തിനും അടിമപ്പെടുന്ന പുതുതലമുറ

ലഹരിക്കും ധൂർത്തിനും അടിമപ്പെടുന്ന പുതുതലമുറ
വലിയൊരു സാമൂഹിക പ്രശ്നമാണ്. രാജ്യം വ്യാപകമായി തന്നെ
ലഹരിക്ക് അടിമയാകുന്നവരുടെ
എണ്ണം കൂടിവരുകയാണ്. നഗര ഗ്രാമ വ്യത്യാസമില്ലാതെ
ഇതൊരു പ്രശ്നമായി മാറിയിട്ടുണ്ട്.

പണത്തിനു വേണ്ടി കൂട്ടുകാരനെ
കൊലപ്പെടുത്ത
ലഹരിക്കും ധൂർത്തിനു വേണ്ടി പണം ലാഭിക്കുന്നതിനും
കൊലപാതകം വരെ നടത്തുന്നത് എല്ലാ ദിവസവും
നമ്മുക്ക് ന്യൂസിൽ കാണാം. നിയന്ത്രിക്കാൻ പറ്റത്ത
തരത്തിൽ ലഹരി ഉപയോഗം കൂടിക്കൊണ്ടിരിക്കുകയാണ്.

പലപ്പോഴും കുട്ടികൾ ബോധപൂർവമല്ലാതെ
ലഹരിയിലേക്ക് എത്തുന്നു. ചെറിയ തോതിൽ തുടങ്ങിയ
ഉപയോഗം പിന്നിട് ഒഴിവാക്കാൻ പറ്റാതെ വരുന്നു.

ലഹരി ഉപയോഗം മനസികവും ശാരീരകവുമായി ബാധിക്കുന്നു.
പലതരത്തിലും ഗുരുതര അസുഖവും
ലഹരി ഉപയോഗം കാരണമാകുന്നു.ലഹരിക്കും ധൂർത്തിനും
അടിമപ്പെട്ട യാൾ അതിനു വേണ്ടി  എന്തും ചെയ്യും എന്ന്
ഉള്ള സഹാചര്യം ആണ് ഇവിടെ
സംഭവിക്കുന്നത്.

സ്കൂൾ കോളേജിലെ കുട്ടികൾക്ക് ലഹരിക്കെതിരെ
വേണ്ട പരിപാടികൾ നടപ്പിലാക്കണം . ലഹരിമുക്ത
തലമുറ ലക്ഷ്യം കൈവരിക്കാൻ ജനകിയ നടപടികൾ
സ്വീകരിക്കുനണം. 'ലഹരിയല്ല ജീവിതം ജീവതമാണ്
ലഹരി' എന്ന സന്ദേശം എല്ലാവരിലും എത്തിക്കണം.
ലോകസമസ്ത സുഖിനോഭവന്തു.

അബിൻ സി ഐ, 10  B



# 2023 NOBEL PRIZE WINNERS



# 2023 NOBEL PRIZE WINNERS

These prestigious Nobel prizes are given out annually to honour individuals and organisations who have excelled in the disciplines including physics,chemistry,medicine,literature, peace and economics.This year these six awards have been given to eleven deserving personalities

| Field | Nobel Prize Winners | Awarded For |
|---|---|---|
| Physiology/Medicine | Katalin Kariko and Drew Weissman | mRNA Vaccines |
| Physics | Pierre Agostini, Ferenc Krausz and Anne L'Huillier | Electron dynamics in matter |
| Chemistry | Moungi Bawendi, Louis Brus and Alexei Ekimov | Discovery and synthesis of quantum dots |
| Literature | Jon Fosse | For his innovative plays and prose which give voice to the unsayable". |
| Peace | Narges Mohammadi | Fight against women's oppression in Iran |
| Economic Sciences | Claudia Goldin | Gender Gap in labour market |

Akshay M U, 9D

# Vedic Maths

Vedic Maths or Vedic Mathematics is a collection of Methods or Sutras to solve numerical computations quickly and faster. It consists of 16 Sutras called Formulae and 13 sub-sutras called Sub Formulae, which can be applied to the solving of problems in arithmetic, algebra, geometry, calculus, conics, etc.

Vedic Mathematics was discovered by Shri Bharathi Krishna Tirthaji between AD 1911 and 1918. Regarded as the Father of Vedic Maths, Tirthaji published his findings in a book titled Vedic Mathematics in 1957 wherein he wrote about the 16 Sutras.

There are 5 basic rules of Vedic Maths: Nikhilam Sutra, Gyarasguna Sutra, Ekanunena Purneva Sutra, Antyaordasake Pi, and Navamguna Sutra. These rules deal with the multiplication operation.

Here are some Vedic Maths Tricks for Fast Calculations.

### Trick 1: Vedic Mathematics tricks for Squaring a number with unit digit 5

Step 1: 95 x 95 =_25 (the answer will always end with 25)
Step 2: Now, multiply the first digit of the two-digit number by (the first digit+1).
That is, 9 * (9+1) = 9 * 10= 90
So the answer is, $(95)^2$ =9025.

### Trick 2: Vedic Maths tricks for subtraction

Subtracting any number from 1000, 10000, 100000 and so on, For example:- 10000 - 7478 = ?
Except for the last digit, subtract each of the digits in 7478 from 9. The last digit (8) must be subtracted from 10.
Step 1: 9 - 7 = 2 (First digit of the answer)
Step 2: 9 - 4 = 5 (Second digit of the answer)
Step 3: 9 - 7 = 2 (Third digit of the answer)
Step 4: 10 - 8 = 2 (Last digit of the answer)
So the answer is, 10000 – 7478 = 2522.

## Trick 3: Vedic Maths Multiplication tricks

Multiplying any number by 11, For example:- 63 * 11

Step 1: Write “0” in the beginning at the end of any number

= 0630

Step 3: Now add in pair of two from left to right


= (0+6)/(6+3)/(3+0) = 693

So, the answer is, 63 * 11 = 693.

Step 3: Now add in pair of two from left to right

= (0+6)/(6+3)/(3+0) = 693

So, the answer is, 63 * 11 = 693.




*DEEPTHI AS*

# താഴ്ന്ന ഊഷ്മാവിലെ ചില പ്രതിഭാസങ്ങൾ

അറിവിന്റെ ഉപയോഗ രൂപത്തെയാണ് പൊതുവേ സാങ്കേതികവിദ്യ എന്ന് പറയുന്നത്.

## ക്രയോജനിക്സ്

ഭൗതിക ശാസ്ത്രത്തിൽ താഴ്ന്ന താപനിലകൈകാര്യം ചെയ്യുന്നതിനെക്കുറിച്ചും പദാർത്ഥങ്ങൾക്ക് ആ ഊഷ്മാവിൽ ഉള്ള വ്യതിയാനങ്ങളെക്കുറിച്ചുള്ള പഠനമാണ് ക്രയോജനിക്സ്. ഈ അവസ്ഥകളെക്കുറിച്ച് പഠിക്കുന്ന വ്യക്തിയെ ക്രയോജനിസ്റ്റ് എന്നു പറയുന്നു. സാധാരണ താപനില ഏക കങ്ങൾ അല്ലാതെ പരമ താപനില ഏകകങ്ങളാണ് ഇതിനായി ഉപയോഗിക്കുന്നത്. അതായത് കെൽവിൻ എന്ന ഏകകം. കേരളത്തിൽ തദ്ദേശീയമായി വികസിപ്പിച്ച ക്രയോജനിക് സാങ്കേതിക വിദ്യയിൽ ആത്മവിശ്വാസം ഉറപ്പാക്കി ജിഎസ്എൽവി വിക്ഷേപണ വിജയം .ഭാവിയിൽ ഭാരം കൂടിയ ഉപഗ്രഹങ്ങൾ വിക്ഷേപിക്കാനുള്ള കരുത്താണ് ഇതിലൂടെ ഐഎസ്ആർഒയ്ക്ക് ലഭിച്ചിരിക്കുന്നത് . ഈ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയാണ് ക്രയോജനിക് ഇന്ധനങ്ങൾ നിർമ്മിക്കുന്നത് .ദ്രാവകഹൈഡ്രജൻ ,,ദ്രാവക ഓക്സിജൻ ഉദാഹരണങ്ങളാണ്. ദ്രാവക ഹൈഡ്രജൻ റോക്കറ്റുകളിൽ ഇന്ധനമായി ഉപയോഗിക്കുന്നു. .പ്രത്യേകമായി തയ്യാറാക്കിയ എൻജിനുകളാണ് ക്രയോജനിക എൻജിനുകൾ . ക്രയോജനിക് വിദ്യ സ്വന്തമായി വികസിപ്പിച്ച രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ.

## ക്രയോണിക്സ്

ശരീരഭാഗങ്ങൾ ശീതികരിച്ച് സൂക്ഷിക്കുന്ന സാങ്കേതികവിദ്യ. ഭാവിയിൽ പുനർജീവിപ്പിക്കാൻ സാധ്യമാകുന്നതുവരെ മൃതശരീരങ്ങൾ സൂക്ഷിച്ചു വയ്ക്കുന്ന സാങ്കേതിക മാർഗമാണ് ക്രയോണിക്സ്. ഈ മാർഗത്തിലൂടെ മനുഷ്യനുൾപ്പെടെയുള്ള ജീവജാലങ്ങളുടെ മൃതശരീരങ്ങൾ, കോശങ്ങൾ, തലച്ചോറ് എന്നിവ വളരെ താഴന്ന ഊഷമാവിൽ ശീതികരിച്ച് സൂക്ഷിച്ച് വയ്ക്കാൻ സാധിക്കും. ഇതിനെ ക്രയോ പ്രിസർവേഷൻ എന്നു പറയുന്നു.ദ്രവനൈട്രജൻ ഈ സാങ്കേതികവിദ്യയിൽ ഉപയോഗിക്കുന്നു. തണുപ്പ് എന്ന അർത്ഥമുള്ള ക്രയോസ് എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് മുകളിൽ പറഞ്ഞ ക്രയോജനിക് , ക്രയോണിക്സ് എന്നീ പദങ്ങളുടെ ഉത്ഭവം.

## അതിചാലകത (Superconductivity)

താപനില കുറയുമ്പോൾ ഒരു ചാലകത്തിൻറെ വൈദ്യുത പ്രതിരോധം പൂജ്യത്തോടടുക്കുകയും ആ സമയം അവയുടെ ചാലകത (conductivity)വളരെയേറെ വർധിക്കുകയും ചെയ്യുന്ന പ്രതിഭാസമാണ് അതിചാലകത. 1911 ൽ ഡച്ച് ഭൗതികശാസ്ത്രജ്ഞനായ കാമർലിങ്ങ് ഓൺസ് ആണ് അതിചാലകത കണ്ടുപിടിച്ചത്. ആ കാലഘട്ടത്തിൽ വളരെ താഴന്ന താപനിലയിൽ മാത്രമേ അതിചാലകത സാധ്യമായിരുന്നുള്ളൂ. 'എന്നാൽ പിന്നീടുള്ള ഗവേഷണങ്ങളിൽ ഉയർന്ന താപനിലയിലും അതിചാലകത സാധ്യമെന്ന് കണ്ടെത്തി. ഇത് സാധ്യമായാൽ ഭൗതികശാസ്ത്രം കണ്ടിട്ടുള്ളതിൽ വച്ച് വലിയൊരു വിപ്ലവമായി അതിചാലകത മാറും. .കാരണം മനുഷ്യസമൂഹത്തിന്റെ സമസ്ത മേഖലകളിലും ഇതിന് സ്വാധീനം ചെലുത്താൻ കഴിയും. ക്രിട്ടിക്കൽ ഊഷമാവിനേക്കാൾ താഴ്ന്ന താപനിലയിൽ അതിചാലകത കാണിക്കുന്ന പദാർത്ഥങ്ങളാണ് മെർക്കറി, ലെഡ്,ഇൻഡിയം എന്നിവ.



**രശ്മി കെ കെ**

# കുട്ടികളുടെ ലൈബ്രേറിയൻ

ഞാൻ ആൽവിൻ കെ എൽ.കുന്നംകുളം ഗവ.മോഡൽ ബോയ്സ് ഹൈസ്കൂളിൽ പത്താം ക്ലാസിൽ പഠിക്കുന്നു. ഒപ്പം ഈ സ്കൂളിലെ കുട്ടികളുടെ ലൈബ്രേറിയനായി പ്രവർത്തിച്ചു വരികയായിരുന്നു. എട്ടാം ക്ലാസിൽ ഇവിടെ ചേർന്നപ്പോൾ ശലഭോദ്യാനത്തിന്റെ ചുമതലയായിരുന്നു ആദ്യം എനിക്ക് ലഭിച്ചത്. ഒൻപതിലെത്തിയപ്പോൾ മലയാള അദ്ധ്യാപകനായ ഗീവർഗീസ് മാഷ് എനിക്ക് ലൈബ്രറിയുടെ ചുമതല നല്കി.

ആദ്യം ഒന്ന് ഭയന്നെങ്കിലും എന്റെ കൂട്ടുകാരുടെ സഹായത്തോടെ ആ ഉത്തരവാദിത്തം എന്നാൽ കഴിയുന്ന രീതിയിൽ ഭംഗിയാക്കാൻ ഞാൻ ശ്രമിച്ചു.ഞങ്ങൾ എല്ലാവരും കൂടി ലൈബ്രറിയിലെ പുസ്തകങ്ങൾ ക്രമത്തിൽ ഒരുക്കി.പുസ്തക വിതരണത്തിനായി രജിസ്റ്റർ ഉണ്ടാക്കി.ആഴ്ച്ച തോറും ലൈബ്രറി വൃത്തിയാക്കി. ലൈബ്രറി വൃത്തിയാക്കുന്ന ദിവസം ഞങ്ങൾക്ക് വലിയ സന്തോഷമാണ്. കാരണം അന്ന് മധുരപലഹാര വിതരണമുണ്ടാകും.

എല്ലാ ദിവസവും ഉച്ച ഭക്ഷണത്തിന് ശേഷമാണ് ലൈബ്രറി തുറന്ന് പ്രവർത്തിക്കുന്നത്. യു പി യിലെ കുട്ടികളാണ് കൂടുതലായും ലൈബ്രറിയിൽ വരുന്നതും പുസ്തകങ്ങൾ എടുക്കുന്നതും. ആഴ്ച്ച തോറും പുസ്തകങ്ങൾ തിരികെ തന്ന് പുതിയത് എടുക്കാൻ അവരോട് പറയാറുണ്ട്.പത്താം ക്ലാസ് കഴിഞ്ഞ് ഞാൻപോകുന്നതിനാൽ ഗീവർഗീസ് മാഷും ഞാനും എന്റെ കൊച്ചു കൂട്ടുകാരനായ എട്ടാം ക്ലാസിലെ അഭിനവിന് ലൈബ്രറിയുടെ ചുമതല നല്കി.ലൈബ്രേറിയനായിട്ടുള്ള ഈ കുറച്ച് കാലം എന്റെ ജീവിതത്തിൽ അവിസ്മരണീയമാണ്, സന്തോഷകരവുമാണ്.ഏറ്റവും പ്രിയപ്പെട്ട ഗീവർഗീസ് മാഷിനോടുള്ള നന്ദി ഇവിടെ സമർപ്പിക്കുന്നു.

ആൽവിൻ കെ എൽ.
10 B





# ഓർമ്മയുടെ അറകൾ- വൈക്കം മുഹമ്മദ് ബഷീർ

ബഷീറിന്റെ പല എഴുത്തുകളും ആത്മകഥയാണ്. എല്ലാ കഥയിലും ബഷീറുണ്ട് പിന്നെ അദ്ദേഹത്തിന്റെ ജീവിതവും. വൈക്കം മുഹമ്മദ് ബഷീറിന്റെ ആത്മകഥയാണ് ഓർമ്മുടെ അറകൾ. ബി.എ. ഗഫൂർ, കെ മുഹമ്മദ്, എം.എ ഹക്കീം, ഐ.വി ശ്രീധരൻ ഫോട്ടോഗ്രാഫറായ പുനലൂർ രാജൻ എന്നി പത്രപ്രതിധിനിധികൾ ബഷീറിന്റെ വീട്ടിൽ ഒത്തുകൂടി ചർച്ചകൾ നടക്കുകയായിരുന്നു. ബഷീറിന്റെ അടുത്ത് ഒരുപാട് ചോദിക്കാനുണ്ട് എന്ന് ഗഫൂർ പറഞ്ഞു. പരസ്പരം സംസാരിക്കുന്ന പോയിൻറ്റുകൾ പത്രപതിധിനിധികൾ മാത്രമല്ല ബഷീറും അത് എഴുതുന്നുണ്ട്. ഈ ഓർമ്മകളാണ് ഈ പുസ്തകത്തിൽ ഉള്ളത്. ഇതിൽ അദ്ദേഹം മുസ്ലിം ആയിരുന്നു എന്നും ചുറ്റുമുള്ള വിശ്വാസത്തെയും പറ്റി പറകയുന്നുണ്ട്. അവർ ബഷീറിന്റെ ഉത്ഭവത്തെ പറ്റി ചോദിക്കുകയും ബഷീർ ഉത്തരമായി 'ചെറുപ്പകാലം' എന്നു പറയുകയും ചെയ്തു. ബഷീറിന് ആറോ-ഏഴോ വയസ്സുള്ളപ്പോൾ മുറ്റത്തിനടത്തുള്ള വാഴച്ചുവട്ടിൽ പോകും. എന്നിട്ട് വീണ പോലെയുള്ള ഉപകരണം ഉണ്ടാക്കുകയും അതിൽ നിന്നും വീണയിലെന്ന പോലെ ചെറിയ നാദം കേൾക്കുകയായിരുന്നു. പിന്നെ അദ്ദേഹം ഓർക്കുന്നത് പാമ്പിനെ പിടിക്കുന്നതായിരുന്നു. ഒരുദിവസം ബഷീർ ഒരു പാമ്പിനെ പിടക്കുന്നതും അദ്ദേഹം അതിനെ കൊണ്ട് പല വീടുകളിൽ കയറി ഇറങ്ങുന്നതും. അദ്ദേഹം ഒടുവിൽ കുറെ ശിഷ്യന്മാരെ സമ്പാദിക്കുന്നതും പറയുന്നുണ്ട്. പിന്നെ അദ്ദേഹം വിശപ്പ തോന്നിയപ്പോൾ വീട്ടിലേക്ക് മടങ്ങിയതും., പാമ്പിനെ തൂക്കി ഇട്ടതും, ഊണ് ആകാൻ തമസിക്കുന്നതും ഇതിൽ പറയുന്നുണ്ട്. അപ്പോൾ ബാപ്പയുടെ 'എടാ' എന്ന് വിളിച്ചതും ബഷീർ അവിടെ ചെന്നപ്പോൾ പാമ്പ് അവിടെ കിടന്നു പുളയുന്നത് കണ്ടതും ബാപ്പ എന്തിനാടാ ഇവിടെ പാമ്പി നെ പിടിച്ചത് എന്നു ചോദിച്ചതും എന്നിട്ട് ബഷീറിന്റെ അടുത്ത് ബാപ്പ സൃഷ്ടികളെ ഒന്നിനേയും കാരണം കൂടി ദ്രോഹിക്കതും എന്നു പറഞ്ഞതും ബഷീർ ആ പാമ്പിനെ മോചിപ്പിച്ചതുമെല്ലാം ഇവിടെ പറയുന്നുണ്ട്.സകല ജീവികളോടുംവേണ്ട സ്നേഹവും ജീവിതത്തെ സ്നേഹിക്കാനും ആണ് ബഷീർ പഠിപ്പിക്കുന്നത്

**മുഹമ്മദ്, 8 B**





**SHAFAN.P. SHINSON**
**9-D**







**BITHUL.T.B**
**8-B**






## ആനപ്രേമി







**ALAN AJEESH**
**8-A**



**NIRANJAN.E.R**
**8-B**

ആന വിശേഷങ്ങൾ,...,...........കരയിൽ ജീവിക്കുന്ന ഏറ്റവും വലിയ ജീവി ആണ് ആന. മുകളിലെ പല്ലുകൾ  വളർന്നാണ് ആന കൊമ്പ് ആയി മാറുന്നത്. മൂക്കും മേൽച്ചുണ്ടും ചേർന്നാണ് തുമ്പിക്കൈ രൂപപ്പെടുന്നത്. ആനയുടെ തുമ്പികയ്യിൽ 6മുതൽ 10ലിറ്റർ വരെ വെള്ളം കൊള്ളും. ആനയുടെ തുമ്പികയ്യിൽ എല്ലുകളുകളില്ല. .കൂടുതൽ മസിലുകളും  ഞരമ്പും ഉള്ളതിനാൽ തുമ്പിക്കൈ അനായാസം ചലിപ്പിക്കാനാകും. . ജലത്തിന്റെ സാനിധ്യം  3മൈലുകൾക്ക് അപ്പുറത്ത് നിന്ന് പോലും ആനകൾക്ക് തിരിച്ചറിയാൻ കഴിയും ചില പ്രത്യേക മണങ്ങൾ വർഷങ്ങളോളം ഓർത്ത് വെക്കാൻ ആനകൾക്ക് കഴിയും. ആനകൾ തിന്നുകൊണ്ട് ഉറങ്ങാറുണ്ട്. ചാടാൻ കഴിയാത്ത ഒരേ ഒരു സസ്ഥനിആനയണ്. അതിശയകരമായ ഓർമ്മശക്തി ഉണ്ട്. ആഫ്രിക്കൻ കൊമ്പനാനകൾ3മീറ്റർ പൊക്കവും.4000 മുതൽ 7500കിലോ വരെ ഭാരമുള്ളവയും ആണ്. എന്നാൽ ഏഷ്യൻ ആനകൾ താരതമ്യേനെ ചെറുതും 2.7മീറ്റർ  വരെ പൊക്കവും 3000മുതൽ 6000കിലോ വരെ ഭാരമുള്ളവയും ആണ്. അനകളുടെ ഗർഭ കാലം 22മാസം ആണ്. ജനന സമയത്ത് ശരാശരി 100കിലോ ആണ് കുട്ടിയുടെ ഭാരം. പൂർണ വളർച്ച എതിയ ഒരാന ഒരു ദിവസം 150കിലോ ആഹാരം കഴിക്കാറുണ്ട്. അതായത് ഒരു വർഷത്തിൽ 50ടൺ വരെ. ആനയുടെ ശരാശരി ജീവിതകാലം 50മുതൽ 70വർഷം വരെ ആണ്..

## മംഗലാംകുന്ന് കർണൻ

മംഗലാംകുന്ന് കർണൻ (ജനനം 1957-1961 മരണം 2021 ജനുവരി 28) ഗുരുവായൂർ ദേവസ്വത്തിന് പിന്നിൽ കേരളത്തിൽ ഏറ്റവും കൂടുതൽ ആനകൾ ഉള്ള കുടുംബത്തിന്റെ ഉടമസ്ഥതയിലുള്ള ഒരു ആനയാണ്. കർണ്ണൻ വളരെക്കാലം തലയുയർത്താനുള്ള കഴിവിന് പേരുകേട്ടവനായിരുന്നു,  അങ്ങനെ നിരവധി തലപ്പൊക്കം (തലക്കെട്ട്) മത്സരങ്ങളിൽ വിജയിക്കാൻ കഴിഞ്ഞു  അദ്ദേഹത്തിന് നിലാവിന്റെ തമ്പുരാൻ എന്ന പേര് നൽകി. ഇംഗ്ലീഷിലേക്ക് എംപറർ ഓഫ് ഹൈറ്റ്സ് ആയി .  വൻ ആരാധകരുള്ള കേരളത്തിലെ പ്രമുഖ ആനകളിൽ ഒരാളായിരുന്നു കർണൻ.മംഗലാംകുന്ന് ഗണപതി (ഇപ്പോൾ അന്തരിച്ചു), മംഗലാംകുന്ന് കർണൻ, മംഗലാംകുന്ന് അയ്യപ്പൻ എന്നിവരാണ് തറവാട്ടിലെ ഏറ്റവും പ്രശസ്തമായ ആനകൾ.  1989-ൽ മനിശ്ശേരി ഹരിദാസ് സംഘം ബിഹാറിലെ ചപ്രയിൽ നിന്ന് കർണനെ നാട്ടിലെത്തിച്ചു. 2000ലാണ് മംഗലാംകുന്ന് കുടുംബം കർണനെ വാങ്ങിയത്. തുടർച്ചയായി ഒമ്പതാം വർഷവും ശ്രീകുമാര ഗണേശ ക്ഷേത്രത്തിൽ നടന്ന താലപ്പൊക്കം മത്സരത്തിൽ കർണൻ കിരീടം നേടി. കേരളത്തിലുടനീളമുള്ള നിരവധി താലപ്പൊക്കം മത്സരങ്ങളിൽ വിജയിച്ചതിനും അദ്ദേഹം പ്രശസ്തനായിരുന്നു. ചില സിനിമകളിലും ടിവി പരസ്യങ്ങളിലും അഭിനയിച്ചിട്ടുണ്ട്. മലയാളം സിനിമകളായ നരസിംഹം, കഥാ നായഗൻ എന്നിവയ്ക്കൊപ്പം ബോളിവുഡ് ചിത്രമായ ദിൽ സേയിലും കർണൻ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. വാർദ്ധക്യസഹജമായ പ്രശ്നങ്ങൾ കാരണം, 2021 ജനുവരി 28-ന് ഹൃദയാഘാതത്തെ തുടർന്ന് കർണൻ (60 മുതൽ 63 വയസ്സ് വരെ) അന്തരിച്ചു.



ആനപ്രേമി

E _താളുകൾ

DIGITAL MAGAZINE

# ഉപദേശകസമിതിയിൽ



ബീനാമോൾ യു പി



പ്രിയ എം

# E _താളുകൾ

DIGITAL MAGAZINE

# പത്രാധിപസമിതി



Jajith prakash



Akshay M.U



Nishal krishna P.P



Gautham P

# താളുകൾ സമ്മാനിച്ചവർക്കു നന്ദി